ആകെ 70407

"മന്ത്രിമാർക്കെതിരെയുള്ള അഴിമതി ആരോപണങ്ങൾ"

42 (698) ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെ നിയമസഭയിൽ എഴുതിക്കൊടുത്ത് എന്തെല്ലാം ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതേക്കുറിച്ച് ഏതെങ്കിലും നിലയിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ആരോപണങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

ഉത്തരം

(എ)-(സി) നിയമസഭാരേഖയിൽനിന്നും ലഭിക്കേണ്ടതാണ്. പ്രസ്തുത വിവരം ശേഖരിച്ചുവരുന്നു.

ഗതാഗതത്തിരക്ക് നിയന്ത്രിക്കുന്നതിനുള്ള പരിഷ്ക്കരണങ്ങൾ

43 (699) ശ്രീ. എളമരം കരീം :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ ഗതാഗതത്തിരക്ക് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ;

(ബി) നഗരങ്ങളിലെ പ്രധാന റോഡുകളിൽ ഭാരം കയറ്റിയ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമോ;

(സി) നഗരങ്ങളിലെ വാഹനത്തിരക്ക് കുറയ്ക്കുന്നതിന് പാരലൽ റോഡിൽക്കൂടി വാഹനങ്ങൾ കടന്നുപോകാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂളുകളുടെയും കോളേജുകളുടെയും മുൻപിൽ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമോ;

(ഇ) സ്കൂളുകളുടേയും കോളേജുകളുടേയും മുൻപിൽ ട്രാഫിക് നിയന്ത്രിക്കുന്നതിന് സ്കൂൾ സമയത്ത് പ്രത്യേക ട്രാഫിക് പോലീസുകാരെ നിയമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly